(8 pages) **Reg. No. : ..............................**

**Code No. : 30842** **Sub. Code : E 1 MY 21**

U.G. (CBCS) DEGREE EXAMINATION, APRIL 2024.

Second Semester

Part I — Malayalam

OFFICE COMMUNICATION MALAYALAM

(For those who joined in July 2023 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. യു.പി.എസ്.സി., പി.എസ്.സി. എന്നിവയുടെ നിർദ്ദിഷ്ട മലയാള ഭാഷാ പരീക്ഷകളിൽ വിജയിക്കാൻ നിർണ്ണായകമായ വൈദഗ്ദ്ധ്യം ഏത്?
   (a) വായിക്കാനും എഴുതാനുമുള്ള കഴിവ്
   (b) അനുമാനത്തിനും വിലയിരുത്തുന്നതിനും ഉള്ള കഴിവ്
   (c) ഉള്ളടക്കം എഡിറ്റ് ചെയ്യുന്നതിനുള്ള പ്രാപ്തി
   (d) ഔപചാരികവും അനൗപചാരികവുമായ ആശയവിനിമയ തന്ത്രങ്ങൾ

2. വേർഡ് പ്രൊസസിംഗ് സോഫ്റ്റ് വെയറിൽ ടൈപ്പ് ചെയ്യുമ്പോൾ സ്വയമേവ പിഴവുകൾ ശരിയാകുന്നതിന് പറയുന്ന പേര്
   (a) സ്പെൽ ചെക്ക് (b) ഗ്രാമർ ചെക്ക്
   (c) ഓട്ടോ കറക്റ്റ് (d) റീഡു (Redo)

3. വേർഡ് പ്രോസസിംഗിൽ അൺഡു (Undo) ഉപയോഗിക്കുന്നതെന്തിന്?
   (a) അക്ഷരത്തെറ്റുകൾ മാറ്റുന്നു
   (b) വ്യാകരണപ്പിശകുകൾ മാറ്റുന്നു
   (c) ടെക്സ്റ്റ് ഫോർമാറ്റിംഗ്
   (d) അവസാനത്തെ ആക്ഷൻ ചെയ്യുന്നു

4. മത്സരപരീക്ഷകളിൽ ഖണ്ഡികകളിൽ നൽകിയിരിക്കുന്നവ അപഗ്രഥിക്കാൻ നൽകുന്നതിലൂടെ പരിശോധിക്കുന്നതെന്ത്?
   (a) വായിക്കാനുള്ള കഴിവ്
   (b) കാരണം കണ്ടെത്തൽ
   (c) പദശുദ്ധി പരിശോധന
   (d) ആശയഗ്രഹണശേഷി



Nesamony Memorial Christian College, Marthandam

5. ഏത് ദിവസമാണ് കേരളപ്പിറവി ദിനമായി ആഘോഷിക്കുന്നത്?

(a) നവംബർ ഒന്ന് (b) ഡിസംബർ ഒന്ന്

(c) ജനുവരി ഒന്ന് (d) മേയ് ഒന്ന്

6. ഇ-മെയിൽ എന്താണ്?

(a) ഇലക്ട്രിക് മെയിൽ

(b) ഇലക്ട്രോണിക് മെയിൽ

(c) ഇന്നൊവേറ്റീവ് മെയിൽ

(d) ഇൻസ്റ്റന്റ് മെയിൽ

7. പ്രിന്റ് ചെയ്യുമ്പോൾ ഡോക്യുമെന്റ് എങ്ങനെയായിരിക്കുമെന്ന് വേർഡ് പ്രോസസിംഗിൽ കാണിച്ചുതരുന്ന ഫങ്ഷൻ

(a) Print setup

(b) Print preview

(c) Page layout

(d) Document formatting



8. യൂണികോഡ് എന്നാലെന്ത്?

(a) ഫോണ്ട് (b) ഫങ്ഷൻ

(c) ലേ ഔട്ട് (d) ഫയൽ

9. UPSC, PSC പരീക്ഷകളിൽ, മലയാളം ഭാഷാ-നിർദ്ദിഷ്ട പരീക്ഷകളിൽ ഏത് തരത്തിലുള്ള എഴുത്താണ് സാധാരണയായി വിലയിരുത്തപ്പെടുന്നത്?

(a) സാങ്കേതികമായ എഴുത്ത്

(b) ബ്ലോഗ് എഴുത്ത്

(c) ഔപചാരിക ആശയവിനിമയം

(d) വാർത്തകൾ തയ്യാറാക്കൽ

10. കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ - ആരുടെ വരികൾ?

(a) വള്ളത്തോൾ (b) ഉള്ളൂർ

(c) ചങ്ങമ്പുഴ (d) ജി. ശങ്കരക്കുറുപ്പ്



Nesamony Memorial Christian College, Marthandam

PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. (a) ചിഹ്നനം എന്നാലെന്ത്? ആശയവിനിമയത്തിൽ ഇതിനുള്ള പ്രാധാന്യമെന്ത്?

അല്ലെങ്കിൽ

(b) മലയാള ദിനാഘോഷത്തിന്റെ കാലികപ്രസക്തി യെന്ത് ?

12. (a) അച്ചടി രംഗത്തു സംഭവിക്കുന്ന സാങ്കേതികമാറ്റ മാണ് ലിപിപരിഷ്കരണത്തിന് കാരണമായിത്തീർന്നത് - വിലയിരുത്തുക.

അല്ലെങ്കിൽ

(b) യൂണികോഡ് ഫോണ്ടുകൾ പ്രചാരത്തിലാവുന്നതിന്റെ ഗുണങ്ങൾ എന്തെല്ലാം ?

13. (a) ഭരണം ജനങ്ങളുടെ ഭാഷയിൽ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) ഭരണഭാഷാപ്രയോഗത്തിലെ തത്ത്വവും രീതികളും എന്തെല്ലാമെന്ന് വിവരിക്കുക.



14. (a) ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ഭാഷയ്ക്ക് പ്രാധാന്യമേറുന്നുണ്ടോ? വിലയിരുത്തുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ സാധാരണ പ്രയോഗങ്ങളെവരെ വികലമാക്കിത്തീർക്കുന്ന പരസ്യങ്ങളിലെ വിവർത്തനത്തെക്കുറിച്ച് എഴുതുക.

15. (a) പ്രൂഫ് റീഡിങ്ങ് എന്നാലെന്ത്? ഭാഷയിൽ ഇതിന്റെ പ്രാധാന്യമെന്ത്?

അല്ലെങ്കിൽ

(b) ഔദ്യോഗികാവശ്യത്തിനായി ഇ-മെയിൽ, കത്തുകൾ എന്നിവ തയ്യാറാക്കുമ്പോൾ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?

PART C — (5 × 8 = 40 marks)

600 വാക്കിൽ കവിയാതെ അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16. (a) ഔപചാരികഭാഷണം, അനൗപചാരിക ഭാഷണം എന്നിവയിൽ കണ്ടെത്താനാവുന്ന വ്യത്യാസങ്ങൾ എന്തെല്ലാം? പരിശോധിക്കുക.

അല്ലെങ്കിൽ

(b) ഏതെങ്കിലും ഒരു പ്രധാന വാർത്തയെ അടിസ്ഥാനമാക്കി രണ്ടു വ്യക്തികൾ ഈ വിവരം പരസ്പരം കൈമാറുന്നതെങ്ങനെയെന്ന് ഉദാഹരിക്കുക.



Nesamony Memorial Christian College, Marthandam

17. (a) ദേശീയോദ്ഗ്രഥനം പ്രാദേശിക ഭാഷകളിലൂടെ സാദ്ധ്യമാകുന്നതെങ്ങനെ? വിവരിക്കുക.

അല്ലെങ്കിൽ

(b) മലയാളം നമ്മുടെ മാതൃഭാഷ എന്ന വിഷയത്തെക്കുറിച്ചുപന്യസിക്കുക.

18. (a) ടൈപ്പ് റൈറ്ററിന്റെ സ്ഥാനത്ത് ഔദ്യോഗിക ആശയവിനിമയപ്രക്രിയയിൽ കമ്പ്യൂട്ടറുകൾ വന്നതോടെ ഉണ്ടായ കുതിച്ചുചാട്ടമെന്ത്? മലയാളത്തിന് ഇത് എത്രത്തോളം പ്രയോജനകരമായിത്തീർന്നു?

അല്ലെങ്കിൽ

(b) ഔദ്യോഗിക ആശയവിനിമയത്തിന് ടെലിവിഷൻ, റേഡിയോ, പത്രമാധ്യമങ്ങൾ എന്നിവ സഹായകരമാകുന്നതെങ്ങനെ ?

19. (a) സ്മാർട്ട് ഫോണികളിൽ ഉപയോഗിക്കുന്ന ഭാഷ ആശയവിനിമയത്തിന് കൂടുതൽ ഗുണകരമായ സംഭാവനകൾ നൽകുന്നുണ്ടോ? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) സോഷ്യൽ മീഡിയ ജനങ്ങളുടെ പ്രതികരണശേഷിയിലും നിർണ്ണായകമായ തീരുമാനങ്ങളിലും മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ?



20. (a) ആശയവിനിമയത്തിന് വേണ്ടത് നല്ല ഭാഷയാണ് - ഔദ്യോഗികവും അനൗദ്യോഗികവുമായ ആശയവിനിമയത്തിൽ ഇതിനുള്ള പങ്കെന്ത്?

അല്ലെങ്കിൽ

(b) ഭരണഭാഷയും സാങ്കേതികസംവിധാനങ്ങളും പരസ്പരം ബന്ധപ്പെടുന്നുവെന്ന് പറയാമോ ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

---



Nesamony Memorial Christian College, Marthandam